**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3022.** **07.12.2018 ൽ മറുപടിയ്ക്ക്**

**വ്യാപകമായ മയക്കമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂൾ കുട്ടികൾ മയക്കമരുന്ന് വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികൾ മയക്കമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ഈ അടുത്തകാലത്ത് 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സ്കൂളുകൾക്ക് സമീപത്ത് പുകയില ഉൽപ്പന്നങ്ങളും മറ്റും വിൽക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ദൂരപരിധി എത്രയാണ് ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് മാസംതോറും പരിശോധന നടത്തുന്നുണ്ടോ; | (ബി) | സ്കൂളുകൾക്ക് സമീപം പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി 100 വാരയാണ് (100 yards). സ്കൂളുകൾക്ക് സമീപം എക്സൈസ് വകുപ്പ് നിരന്തരം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) | ഇത്തരം വിൽപ്പന നടത്തുന്നവരെ കർശനമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നിരന്തരം നടത്തിവരുന്നു. ആയതു പ്രകാരം ശേഖരിക്കുന്ന വിവരങ്ങളിന്മേൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഞ്ചാവ് കൈവശം വച്ച് പിടിയിലാകുന്നവർ ഒരു കിലോയിൽ താഴെ എന്ന കാരണത്താൽ നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ അളവിൽ കഞ്ചാവ് കൈവശം വച്ചാലും കർശന ശിക്ഷ ലഭിക്കുന്ന രീതിയിൽ നിയമവ്യവസ്ഥ മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്ന സാഹചര്യം കൂടുതലാണ്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ചെറിയ അളവിൽ പോലും മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിനായി കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**